(61-ാം പേജ് തുടർച്ച)

എന്നിവയിൽ മൊത്തം ലഭിക്കുന്ന തൊഴിൽദിനങ്ങൾ ഏകദേശം 60 ലക്ഷമായിരിക്കും, എന്നാൽ ബദൽ. നിർദ്ദേശങ്ങളനുസരിച്ചുള്ള ഒരു പരിപാടിയാണെങ്കിൽ റോഡുപണി, കിണർ കുഴിക്കൽ മുതലായവയ്ക്കായി ചുരുങ്ങിയത് 15 ലക്ഷം തൊഴിൽ ദിനങ്ങളും 10000 ഹെക്ടർ സ്ഥലത്ത് 7 കൊല്ലത്തേക്ക് ഓരോ വിള കൂടുതൽ എടുക്കുന്നതുകൊണ്ട് 35 ലക്ഷം തൊഴിൽ ദിനങ്ങളും, വ്യവസായ സ്ഥാപനങ്ങളിൽ 5000 പേർക്ക് 4 കൊല്ലത്തേക്ക് 250 ദിവസം വീതം എന്ന കണക്ക് പ്രകാരം 50 ലക്ഷം തൊഴിൽ കിട്ടുമെന്നു മതിച്ചിരിക്കുന്നു.

ഈ ബദൽ പരിപാടി എന്തുകൊണ്ടും സൈലന്റ്‌വാലി പദ്ധതിയെക്കാൾ മെച്ചപ്പെട്ടതാണ്. അപ്രായോഗികമല്ലതാനും. ബോർഡധികൃതരെയും ഗവൺമെന്റിനെയും ബോധ്യപ്പെടുത്താൻ വേണ്ട യത്നം നടത്തണമെന്നുമാത്രം.

(39-ാം പേജിൽനിന്ന് തുടർച്ച)

നേരിടാൻ *Labeo dara, L.dyocheilus, Schizothorax - sp.* എന്നീ ഇനങ്ങളെയാണ് ഇ.ഐ.എ. റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നത്. പക്ഷേ ഈ മത്സ്യങ്ങൾ നമ്മുടെ ജലാശയങ്ങളെ സംബന്ധിച്ചിടത്തോളം വിദേശ ഇനങ്ങൾക്ക് തുല്യമാണ്. ഇങ്ങനെ വീണ്ടുവിചാരമില്ലാതെ പുതിയ ഇനങ്ങളെ സ്വാഭാവിക ആവാസ വ്യവസ്ഥകളിൽ നിക്ഷേപിക്കുമ്പോൾ ഉണ്ടാകാവുന്ന ഭവിഷത്തുക്കൾ വളരെ മാരകമാകാൻ സാദ്ധ്യതയുണ്ട്. ഭക്ഷ്യാവശ്യത്തിനായി, ആദ്യകാലങ്ങളിൽ വടക്കേ ഇന്ത്യൻ കാർപ്പ് മത്സ്യങ്ങളെ (കട്‌ല, രോഹു, മൃഗാല) നമ്മുടെ ജലാശയങ്ങളിൽ വളർത്തിയത് ഇവിടുത്തെ ചെറിയ നാടൻ ഇനങ്ങളെ വംശനാശത്തിന്റെ വക്കിലെത്തിക്കാൻ ഇടയാക്കിയിട്ടുണ്ട്. ഇതേ തെറ്റുകൾ നാം ആവർത്തിക്കുമോ? മാത്രമല്ല, നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങളിൽ ഒരെണ്ണം ഹിമാലയൻ താഴ്വാരങ്ങളിൽ കാണുന്നതും $20^0$ C. ഊഷ്മാവിന് താഴെമാത്രം ജീവിക്കാൻ കഴിവുള്ളതുമാണ്. ഇങ്ങിനെ പ്രായോഗികമല്ലാത്ത അനേകം നിർദ്ദേശങ്ങളുള്ള പ്രസ്തുത റിപ്പോർട്ടിലെ 'പഠനങ്ങൾ' സത്യസന്ധമല്ലാത്തതിനാൽ അംഗീകരിക്കാൻ സാധ്യമല്ല. ചുരുക്കത്തിൽ വൈദ്യുതി പദ്ധതി വന്നാൽ മത്സ്യസമ്പത്തിന് മാത്രമല്ല ജീവജാലങ്ങളുടെ നാശത്തിനും വഴിവെക്കുമെന്നതിനാൽ പദ്ധതി ഉപേക്ഷിക്കണം.



**Endemic Fish Diversity of Western Ghats**
Edited by A.G. Ponniah, A. Gopalakrishnan, NBFGR, Lucknow



**Biodiversity Document for Kerala**
Part - 8 : Freshwater Fishes
by P.S. Easa and C.P. Shaji, KFRI, Peechi

*അസോ. പ്രൊഫസർ (റിട്ട.), മുക്കൻ വീട്, കുരിയച്ചിറ, തൃശൂർ.*

● പുസ്തകപരിചയം

**ഷീബ അമീർ**

# മഴവെള്ള കൊയ്ത്ത് കേരളത്തിന് അനുയോജ്യമോ?

കേരളത്തിന് യോജിച്ച ജലസംരക്ഷണ സംവിധാനത്തെ ജനങ്ങളിലേക്ക് എത്തിക്കാൻ പ്രൊഫ. വി.എ. സുധാകരനും ടി.എൻ. രാമദാസും ചേർന്ന് കോസ്റ്റ്ഫോർഡിനുവേണ്ടി തയ്യാറാക്കിയിരിക്കുന്നു 'മഴവെള്ളകൊയ്ത്ത്' എന്ന പുസ്തകം 'ജലമില്ലാതെ ജീവന് നിലനിൽപില്ല. എല്ലാ ജീവികളുടേയും ചെടികളുടേയും ഭാരത്തിന്റെ വലിയൊരു ശതമാനം ജലമാണ്. 70 കി.ഗ്രാം. ഭാരമുള്ള ഒരു വ്യക്തിയിൽ 40 ലിറ്റർ വെള്ളമുണ്ടായിരിക്കും. (57%) പോഷകാഹാരങ്ങൾ കോശങ്ങളിലെത്തിക്കാനും അവിടെ നിന്ന് മാലിന്യങ്ങൾ പുറംതള്ളാനും ജലം വേണം. ശരീരത്തിൽ സംയോജിപ്പിക്കപ്പെടുന്ന 150-250 മി.ലിറ്റർ വെള്ളമടക്കം ഒരാളുടെ ശരീരത്തിൽ ദിവസവും 2300 മി.ലിറ്റർ വെള്ളം പ്രവേശിക്കുന്നു. 20°c അന്തരീക്ഷോഷ്മാവിൽ ഇതിൽ 1400 മി.ലിറ്റർ മൂത്രമായും 100 മി.ലി വിയർപ്പായും 100 മി.ലി. മലത്തിലൂടെയും 700 മി.ലി. ഉച്ഛ്വാസവായുവിലൂടെ പുറം തള്ളപ്പെടുന്നു." കുട്ടികൾക്ക് പോലും അറിയുന്നതാണെങ്കിലും പുസ്തകത്തിൽ വിശദീകരിക്കുമ്പോൾ ഒരു ഓർമ്മപ്പെടുത്തലും കൂടിയാണിത്.

"ഭൂമിയിൽ ജനസംഖ്യാ സ്ഫോടനം, ആവശ്യവും ലഭ്യതയും തമ്മിൽ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. അന്തരം, ജലമലിനീകരണം, അങ്ങനെ പോകുന്നു ലോകത്തിൽ ജലപ്രതിസന്ധിയുടെ കാരണങ്ങൾ. ആകെ ലഭ്യമായ ജലത്തിന്റെ 0.3% മാത്രം മനുഷ്യർക്ക് പ്രാപ്യമായിട്ടുള്ളൂ. അതുതന്നെ വ്യാപകമായി മലിനമാക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ശുദ്ധജലത്തിന്റെ ലഭ്യതയും വിതരണവും വളരെയേറെ അസന്തുലിതമാണ്. മദ്ധ്യപൂർവ്വദേശങ്ങളിൽ ആളോഹരി ജലലഭ്യത വർഷത്തിൽ 500 ക്യൂ. മീറ്ററിൽ താഴെയാണെങ്കിൽ ദക്ഷിണ അമേരിക്കയിൽ അത് 22,000 ക്യൂ. മീറ്ററിൽ ഏറെയാണ്. അതുപോലെ മഴലഭ്യതക്കനുസരിച്ചല്ല ഒരു പ്രദേശത്തെ ജനസാന്ദ്രത. ഇത് പലപ്പോഴും ജലക്ഷാമത്തിന് വഴിയൊരുക്കുന്നു. വിവിധ പ്രദേശങ്ങളിലെ വർഷപാതവും വളരെ വ്യത്യസ്തമാണ്. 3ഉം 4ഉം വർഷത്തിലൊരിക്കൽ മഴ പെയ്യുന്ന രാജ്യങ്ങളും ഒരു വർഷം തന്നെ 11,000 ത്തിലേറെ മി.മീറ്റർ മഴ ലഭിക്കുന്ന പ്രദേശങ്ങളുമുണ്ട്. ഒരു ദിവസം തന്നെ 988.6 മി. മീറ്റർ റെക്കോർഡ് മഴ ലഭിച്ച പ്രദേശമാണ് ഇന്ത്യയിലെ മൗസിൻറാം (989.6 മി.മീ ജൂലൈ 10, 1952) ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ ലോകത്തിലെ 80-ലേറെ രാഷ്ട്രങ്ങളും 40% ത്തിലേറെ ജനങ്ങളും ജലത്തിന് ക്ലേശിക്കുന്നവരാണ്." നമ്മുടെ ജലപ്രതിസന്ധി ഇവിടെ എത്തി നിൽക്കുന്നു എന്ന് നമ്മെ ബോധവാൻമാരാക്കുന്നു ഈ പുസ്തകം. ഇവിടെയാണ് നമുക്ക് കിട്ടുന്ന മഴവെള്ളം സംഭരിക്കുന്നതിനെകുറിച്ച് നാം ബോധവാൻമാരാകേണ്ടത്. അതിനുള്ള എല്ലാവിധ മാർഗ്ഗങ്ങളും വിശദമാക്കുന്നുണ്ട് ഈ പുസ്തകത്തിൽ. പ്രാവർത്തികമാക്കേണ്ടതാണ്. ഈ മഴ കഴിയും മുൻപേ തന്നെ.



**മഴവെള്ളകൊയ്ത്ത്**
കേരളത്തിന് യോജിച്ച ജലസംരക്ഷണ സംവിധാനം (കൈപുസ്തകം)
പ്രൊഫ. വി.എ. സുധാകരൻ, ടി.എൻ. രാമദാസ്
പേജ് 92, വില 50 രൂപ, കോസ്റ്റ്ഫോർഡ്, അയ്യന്തോൾ, തൃശൂർ-3

# സൈലന്റ്‌വാലി വിവാദം

ഡോ. എം.പി. പരമേശ്വരൻ

**സൈലന്റ്‌വാലി വിവാദം ഏറ്റവും രൂക്ഷമായ കാലത്ത് 1980 ഫിബ്രവരിയിൽ 'ശാസ്ത്രഗതി' മാസികയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനമാണിത്. പദ്ധതി എന്തുകൊണ്ട് ഉപേക്ഷിക്കണമെന്നും അതിന് ബദലായി എന്തൊക്കെ അടിയന്തിരമായി ചെയ്യണമെന്നുമുള്ള വിശദീകരണമാണ് ഈ ലേഖനത്തിൽ.**



റിലീഫ് : ജീവൻ

സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതിയെക്കുറിച്ചുള്ള വിവാദം ഒരു പുതിയ പതനത്തിൽ എത്തിയിരിക്കുകയാണ്. കോടതി നടപടികളിൽക്കൂടിയും കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ ഇടപെടൽവഴിയും പെട്ടെന്നുള്ള വനനശീകരണത്തെ തൽക്കാലത്തേക്ക് തടയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പരിഷത്ത് ഈ പ്രശ്നത്തിൽ സ്വീകരിച്ച നിലപാട്, ജനങ്ങളെ, പ്രത്യേകിച്ച് പാലക്കാട്, മലപ്പുറം ജില്ലയിലെ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കേണ്ടത് അടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു. അമേരിക്കക്കാരുടേയും തടിമോഷണക്കാരുടേയും എസ്റ്റേറ്റുടമകളുടേയും ചട്ടുകങ്ങളായി വർത്തിക്കുകയാണ് പരിഷത്ത് എന്ന പ്രചാരണം അഴിച്ചു വിട്ടിരിക്കെ ഇത് വിശേഷിച്ചും പ്രാധാന്യമർഹിക്കുന്നു. തങ്ങളുമായി ബന്ധപ്പെടുന്ന സാമാന്യജനങ്ങൾക്ക് എന്താണ് ഈ അസാധാരണ വിവാദത്തിലെ മൗലിക പ്രശ്നങ്ങൾ. അവയുമായി ബന്ധപ്പെട്ട ഉപപ്രശ്നങ്ങൾ ഏവ ? പരിഷത്ത് സ്വീകരിച്ചിരിക്കുന്ന നിലപാടിന്റെ അടിസ്ഥാനം എന്ത് ? എന്നിവ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുവാൻ പരിഷത്തംഗങ്ങളെ സഹായിക്കുന്നതിനാണ് ഈ ലേഖനം.

## ചരിത്രം

സൈലന്റ്‌വാലി കാടുകൾ നാഗരിക മനുഷ്യന്റെ പ്രത്യേക ശ്രദ്ധയിൽപ്പെട്ടിട്ട് ഒരു നൂറ്റാണ്ടിലധികമായി. കാട്ടുജാതിക്കാരുടെയും കാടിന്റെ പര്യായംപോലെയുള്ള ചീവിടുകളുടേയും അഭാവമാണ് ഈ പ്രത്യേക ശ്രദ്ധക്കു നിദാനം. ഭൂമിശാസ്ത്രപരമായ ദുഷ്പ്രാപ്തിയായിരുന്നു അന്നേവരേയും തുടർന്നും ആ പ്രദേശം മനുഷ്യവാസ വിധേയമാകാതിരുന്നതിനു പ്രധാന കാരണം. കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടക്ക് മറ്റു കാടുകളിൽ നടക്കുന്ന തരത്തിലുള്ള മാനുഷിക പ്രവർത്തനങ്ങൾ ഇവിടേയും നടത്താൻ ശ്രമങ്ങൾ നടന്നുവെങ്കിലും പ്രതികൂലസാഹചര്യങ്ങൾ ആ ശ്രമങ്ങളുടെ വിജയത്തിനു തടസ്സമായി നിന്നു. 1920-കളിലാണ് ഈ കാടുകളിൽനിന്നു ഉത്ഭവിക്കുന്ന കുന്തിപ്പുഴയിൽ (ഭാരതപ്പുഴയുടെ ഒരു പോഷക നദിയാണിത്) അണകെട്ടി വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാമെന്ന ആശയം ആദ്യമായി ഉടലെടുത്തത്. 1957-ൽ നിലവിൽ വന്ന കേരള ഗവൺമെന്റിന്റെ പ്രസിദ്ധമായ 'മാസ്റ്റർ പ്ലാൻ' അനുസരിച്ചാണ് പ്രാഥമിക സാങ്കേതിക പര്യവേക്ഷണം നടത്തി 'സൈലന്റ്‌വാലി ജല വൈദ്യുത പദ്ധതി'ക്കു രൂപം നല്കിയത്. എന്നാൽ 1970-കളിൽ മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സജീവ പരിഗണനയിൽ ഇതുവന്നുള്ളു. ശബരിഗിരി പദ്ധതിക്കും ഇടുക്കി പദ്ധതിക്കും മുമ്പേ എന്തുകൊണ്ട് ഇത് ഏറ്റെടുത്തു നടത്തിയില്ല ? എന്ന ചോദ്യത്തിന് തൃപ്തികരമായ മറുപടി ഇല്ല. ഏതായാലും കഴിഞ്ഞ 20 കൊല്ലമായി കേരളീയർ പൊതുവെയും മലബാർ നിവാസികൾ പ്രത്യേകിച്ചും ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പ്രക്ഷോഭണം നടത്തി വരികയായിരുന്നു. പദ്ധതി ഒരു യഥാർത്ഥ്യമാകും എന്ന ഘട്ടം വന്നതും ജലവൈദ്യുത പദ്ധതികളെ കുറിച്ച് പ്രത്യേകിച്ച് പശ്ചിമഘട്ടത്തിലെ ഉഷ്ണമേഖലാ നിത്യഹരിത വന

ങ്ങളിൽ നിർമ്മിക്കുന്ന പദ്ധതികളെക്കുറിച്ച് ഒരു പുതിയ ബോധം രൂപം കൊള്ളാൻ തുടങ്ങിയതും ഏതാണ്ട് ഒരേ കാലത്തായിരുന്നു. 1970-കളുടെ ആദ്യത്തിൽ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളുടെ ഏകീകരണത്തിനായുള്ള ദേശീയ കമ്മിറ്റി രൂപംകൊണ്ടു. അതു നിയോഗിച്ച ഒരു 'പഠനസംഘം' പശ്ചിമഘട്ടത്തിലെ വികസന പ്രവർത്തനങ്ങളെയും പരിസ്ഥിതിയെയും പറ്റി ഒരു പഠനം നടത്തി. അക്കാലത്തുതന്നെ കേരള വനം ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടും സൈലന്റ് വാലി വനപ്രദേശത്തു പഠനം നടത്തി. ഇവരുടെയും സുവോളജിക്കൽ സർവ്വേ, ബൊട്ടാനിക്കൽ സർവ്വെ എന്നിവരുടേയും അതുപോലെ ഒറ്റപ്പെട്ട ഒട്ടേറെ ശാസ്ത്രജ്ഞരുടേയും പഠനങ്ങൾ സൈലന്റ് വാലി കാടുകളുടെ സവിശേഷമായ തനിമ വെളിച്ചത്തുകൊണ്ടുവന്നു; അതു സംരക്ഷിക്കണമെന്ന് എല്ലാവരും ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടു. 1977-ലാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ശ്രദ്ധയിൽ ഇതു വന്നത്. ഒന്നിൽ ചില്ലാനം കൊല്ലം പരിഷത്തിലെ പല പ്രവർത്തകരും ഇതിനെപ്പറ്റി പഠിച്ചു. അതിന്റെയെല്ലാം ഫലമായിട്ടാണ് ഈ പദ്ധതി വേണ്ടെന്നുവയ്ക്കണമെന്നും അതിൽനിന്ന് കിട്ടുന്ന പ്രാദേശിക ദേശീയ നേട്ടങ്ങൾ ഉണ്ടാക്കുവാൻ എന്തെന്തു ബദൽ പദ്ധതികൾ നടപ്പാക്കണമെന്നും പരിഷത്ത് നിർദ്ദേശിക്കുകയും അതിനുവേണ്ടിയുള്ള പ്രചാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ളത്.

## പദ്ധതി

തെക്കൻ മലബാറിലെ പാലക്കാട് ജില്ലയിലെ, ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴയ്ക്കു കുറുകെ, മണ്ണാർക്കാട്ടു നിന്നു ഏതാണ്ട് ഇരുപത് കിലോമീറ്റർ വടക്കുപടിഞ്ഞാറായി, (റോഡുവഴി 5 കിലോമീറ്റർ) ഒരു അണ കെട്ടുകയും അങ്ങനെ കെട്ടി നിർത്തുന്ന വെള്ളം തുരങ്കങ്ങളും കുഴലുകളും വഴി തത്തമംഗലത്തു ഒരു പവർ സറ്റേഷനിലേക്കു ചാടിക്കുകയും ചെയ്തു (മൊത്തം 857 മീറ്റർ ജലശീർഷം). അവിടെ 60 മെഗാവാട്ട് വീതം ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന രണ്ടു ജനറേറ്ററുകൾ നടത്തിക്കുന്നു. ഇതിലെ ഒന്നിനെ മുഴുവൻ സമയവും പ്രവർത്തിപ്പിക്കാൻ വേണ്ട ജലമേ റിസർവോയിൽ ഉണ്ടാകൂ. മൊത്തം പ്രതിവർഷം, 52 കോടി യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. പിന്നീട് ഇത്തരത്തിലുള്ള രണ്ടു ജനറേറ്ററുകൾ കൂടി അവിടെ സ്ഥാപിക്കപ്പെടുമത്രെ. കൂടാതെ പവർഹൗസിൽനിന്നു പുറത്തുവരുന്ന വെള്ളം പാലക്കാട്, ഒറ്റപ്പാലം, മണ്ണാർക്കാട്, പെരിന്തൽമണ്ണ താലൂക്കുകളിലായി ഏതാണ്ട് 10000 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചന സൗകര്യം ലഭ്യമാക്കും എന്നും പറയപ്പെടുന്നു.



ഫോട്ടോ : അജിറാൽ

കേരളത്തിലെ ഏറ്റവും അവികസിതമായ പ്രദേശങ്ങളിലൊന്നാണ് മണ്ണാർക്കാട്. ഈ പദ്ധതി ആ പ്രദേശത്തിന്റെ സമാന്യമായ വികസനത്തിനും ആ പ്രദേശത്തുകാർക്ക് തൊഴിൽ സാധ്യത നൽകുന്നതിനും കൂടി ഉപകരിക്കുമെന്നു കരുതുന്നു. വടക്കൻ കേരളത്തിലെ വോൾട്ടേജ് നില മെച്ചപ്പെടുത്തുന്നതിനും പ്രേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇതു സഹായിക്കുമെന്ന്, ഇത് ആവശ്യമാണെന്ന് അവകാശപ്പെടുന്നു. മാത്രമല്ല, കേരളത്തിന്റെ മൊത്തം വൈദ്യുതി ലഭ്യത മെച്ചപ്പെടുത്തുന്നതിനും ഇതു പ്രധാനമാണത്രെ.

1973-ൽ ആണ് പ്ലാനിങ് കമ്മീഷൻ ഈ പദ്ധതിക്ക് ആദ്യം അനുമതി നൽകിയത്. അന്ന് കരിങ്കൽക്കെട്ട് അണയാണ് തീരുമാനിച്ചിരുന്നത്. 40 മെഗാവാട്ടുവീതമുള്ള മൂന്നു യൂണിറ്റും. പിന്നീടുള്ള 'പഠനങ്ങൾ' പദ്ധതിയിൽ ഗുരുതരമായ മാറ്റങ്ങൾ ആവശ്യമാക്കിയത്രെ. അതനുസരിച്ച് കരിങ്കൽക്കെട്ടിനു പകരം 'കോൺക്രീറ്റ് ആർച്ച് ഡാം' ആക്കി മാറ്റി. രണ്ട് 60 മെഗാവാട്ട് യൂണിറ്റും അതനുസരിച്ച് പദ്ധതിയുടെ നിർമ്മാണച്ചെലവ് 23.78 കോടി രൂപയിൽനിന്ന് (1973-ലെ മതിപ്പ്) 58 കോടി രൂപയായി വർദ്ധിച്ചു.

1984-85 ൽ പണിതീരുമെന്നായിരുന്നു പ്രതീക്ഷ. ഏതാണ്ട്, ഒരു കൊല്ലം നഷ്ടപ്പെട്ടതിനാൽ 1985-86 ൽ തീരുമെന്നാണ് പുതിയ മതിപ്പ്.

സൈലന്റ് വാലി വനത്തിന് മറ്റു കാടുകളെ അപേക്ഷിച്ച് വളരെ പ്രത്യേകതകളുണ്ട്., അമൂല്യമായ ഒരു സമ്പത്താണത്. പദ്ധതി വന്നാൽ അതിന്റെ തനിമയും മേന്മയും നഷ്ടപ്പെടും. പദ്ധതി പ്രകാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾക്ക്, പ്രാദേശികവും സംസ്ഥാനവ്യാപകവുമായ നേട്ടങ്ങൾക്ക്, കൂടുതൽ കാര്യക്ഷമമായ ബദൽപരിപാടികൾ ആവിഷ്കരിക്കാം. ജലസേചനത്തെ സംബന്ധിച്ച അവകാശവാദം പൊള്ളയാണ് - ഇതൊക്കെയാണ് ഈ പദ്ധതിയെക്കുറിച്ചുള്ള വിവാദങ്ങൾക്കു നിദാനം. ഓരോന്നായി പരിശോധിക്കാം.

## തനിമ

സൈലന്റ് വാലി വളരെ ചെങ്കുത്തായതാണ്. മൂന്നുനാലു കിലോമീറ്ററിനുള്ളിൽ ഭൂവിതാനം 2500 മീറ്ററിൽ നിന്നും 150-200 മീറ്റർ ആയി താഴുന്നു. ഈ ചെങ്കുത്തായ മലഞ്ചെരിവുകളും പോഷക അരുവികളുടെ താഴ്‌വരകൾ സൃഷ്ടിക്കുന്ന കാറ്റന്റെ സവിശേഷമായ ഗതിയും മറ്റു സൂക്ഷ്മ കാലാവസ്ഥാപരമായ പ്രത്യേകതകളും ഈ പ്രദേശത്ത് തനിമയാർന്ന ഒരു ജൈവമണ്ഡലം സൃഷ്ടിച്ചു. ഭൂപ്രകൃതി മനുഷ്യവാസത്തിന് അയോഗ്യമായിരുന്നതിനാൽ ഒരു കാലത്തും അവിടെ സ്ഥിരമായ മനുഷ്യവാസം ഉണ്ടായിരുന്നില്ല. ദുഷ്പ്രാപ്യത കാരണം ആ പ്രദേശം വൻതോതിലുള്ള തടിമോഷണക്കാരുടേയും വനം കയ്യേറ്റക്കാരുടേയും ആക്രമണത്തിനും വിധേയമായിട്ടില്ല. കോടിക്കണക്കിനു കൊല്ലമായി തുടർന്നുവരുന്ന ജീവപരിണാമപ്രക്രിയ ഇവിടെ മനുഷ്യന്റെ ഇടപെടലിൽ നിന്ന് സ്വതന്ത്രമായി നടക്കുന്നു. പ്രാഥമിക പരിശോധനകൾ കാണിക്കുന്നത് ചുരുങ്ങിയത്

5 കോടി കൊല്ലമെങ്കിലും പഴക്കമുള്ള ഒരു വനവ്യവസ്ഥയാണ് അവിടത്തേത് എന്നാണ്.

മനുഷ്യന്റെ ഇടപെടൽ സ്വാഭാവിക പരിണാമ പ്രക്രിയയിൽ കാര്യമായ മാറ്റം വരുത്തുന്നു. ചില സ്പീഷീസുകളെ 'വിള'യായും മറ്റുള്ളവയെ 'കള'(യേണ്ടവ)യായും മനുഷ്യൻ കാണുന്നു. ഇതിന്റെ ഏറ്റവും മൂർച്ഛിച്ച രൂപങ്ങളാണ് 'ഏകവിള' (മോണോകൾച്ചർ) പ്രദേശങ്ങളായ നെൽപ്പാടങ്ങളും തെങ്ങിൻ തോപ്പുകളും തേയിലത്തോട്ടങ്ങളും എല്ലാം. ഇതിന്റെ മറ്റേ അറ്റമാണ് ഉഷ്ണമേഖലാ മഴക്കാടുകൾ. അവിടെ ഒരൊറ്റ ഹെക്ടർ സ്ഥലത്ത് പതിനായിരത്തിലധികം വ്യത്യസ്ത സ്പീഷീസുകൾ കാണാം. സൈലന്റ്‌വാലിയിൽ അതിൽ കൂടുതലും. പ്രാഥമിക പരിശോധനയിൽ നിന്നുതന്നെ ഇവിടെ നേരത്തെ വേർത്തിരിച്ച് അറിയപ്പെടാതിരുന്ന പല പുതിയ സ്പീഷീസുകളും കണ്ടുകിട്ടിയിട്ടുണ്ട്. വിശദമായ പരിശോധന ഇനിയും എത്രയോ പുതിയ സ്പീഷിസുകൾ കാണിച്ചു തന്നേക്കും. പുതിയ അവശ്യ വിളകൾക്ക് ജന്മം കൊടക്കാൻ കഴിവുള്ള 'കാട്ടുവിള' കളുടെ ശേഖരം എന്ന നിലയിലും സ്വാഭാവിക പരണാമ പ്രക്രിയയുടെ ചരിത്രാലേഖം എന്ന നിലയിലും ഉഷ്ണമേഖലാ മഴക്കാടുകളുടെ സ്വാഭാവിക രൂപത്തിന്റെ 'പ്രമാണമാതൃക' എന്ന നിലയിലും ഈ കാടുകൾ പ്രാധാന്യമർഹിക്കുന്നു.

ഇവിടെ സസ്യസമ്പത്തിനെപ്പോലെ അത്രതന്നെ സമ്പന്നമാണ് ജന്തുമ്പത്തും. കൂടാതെ, വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഏതാനും ജീവജാതികളുടെ ആവാസസ്ഥാനം കൂടിയാണ്ത്.

കാലാവസ്ഥാ നിയന്ത്രണത്തിലും ഈ കാടുകൾ പ്രാധാന്യമർഹിക്കുന്നുണ്ട്. കാലാവസ്ഥയെന്നാൽ മൊത്തം പെയ്യുന്ന മഴ എന്നല്ല അർഥം. മഴയുടെ വിതരണം, ആ പ്രദേശത്തെ അന്തരീക്ഷത്തിലെ ഈർപ്പം, പെയ്ത വെള്ളത്തിന്റെ കിനിഞ്ഞിറക്കും ഒഴുകിപ്പോക്കും, ഭൗമ ജലവിതാനം, വരണ്ട കാലത്തിന്റെ ദൈർഘ്യം എന്നിങ്ങനെ പലതും കണക്കിലെടുക്കേണ്ടതുണ്ട്. ഇവയിലെല്ലാം മാറ്റം വരികയും.

അട്ടപ്പാടി (പല മാതിരി 'വികസന' പ്രവർത്തനങ്ങൾക്കു ശേഷമുള്ളത്), സൈലന്റ്‌വാലി, ന്യൂ അമരമ്പലം, കുന്ദ (തമിഴ്നാട്) എന്നീ വനപ്രദേശങ്ങൾ അടങ്ങുന്ന മൂന്നൂറിൽ ചില്വാനം ചതുരശ്ര കിലോമീറ്റർ, ഇന്നു പശ്ചിമഘട്ടത്തിലുള്ള ഏറ്റവും വലിയ തുടർച്ചയായുള്ള വനപ്രദേശമാണ്. തുടർച്ചയായിക്കിടക്കുന്ന വനപ്രദേശങ്ങൾക്കേ അതിജീവനക്ഷമതയുള്ളൂ. ഇപ്പോൾത്തന്നെ ഇവ തമ്മിലുള്ള ബന്ധം നേർത്തതാണ്. അട്ടപ്പാടിയും കുന്ദയും ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കയുമാണ്. സൈലന്റ്‌വാലി തുറന്നുകിട്ടിയാൽ അതും അതിലൂടെ മാർഗ്ഗംവഴി ന്യൂ അമരമ്പലവും ആക്രമണ വിധേയമാകും. ഒരിക്കൽ ഇവ നാലും പരസ്പരം വേർപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ കൂട്ടിയോജിപ്പിക്കാൻ പറ്റില്ലെന്നുമാത്രമല്ല ഓരോന്നും അതിവേഗത്തിൽ ക്ഷയിക്കാൻ തുടങ്ങുകയും ചെയ്യും . ഒന്നൊന്നര ദശകത്തിനുള്ളിൽ ഈ കാടുകൾ മുക്കാലും നശിക്കും, നിയമനിർമ്മാണം കൊണ്ട് ഇത് തടയാൻ പറ്റില്ല. അങ്ങനെ തടഞ്ഞ ചരിത്രവുമില്ല. പ്രത്യേകിച്ച് അവിടെ സംരക്ഷിക്കേണ്ടതായി ഒന്നുമില്ലെന്ന പ്രചാരണം വ്യാപകമായി നടക്കവെ പദ്ധതിയുടെ 'ഗുണഫല' ങ്ങൾ ഭുജിക്കാൻ കഴിയുമാറാകുന്നതിനു മുമ്പുതന്നെ അതിന്റെ ദുഷ്ഫലങ്ങൾ ആ പ്രദേശത്തുകാർക്ക് അനുഭവപ്പെടാൻ തുടങ്ങും.

പ്രകൃതിയുടെ നിയമങ്ങളെ മനുഷ്യന് മാറ്റാൻ പറ്റില്ല. അവയെ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമേ മനുഷ്യനുള്ളൂ. പദ്ധതി നടപ്പാക്കിക്കൊണ്ട് സൈലന്റ്‌വാലിയുടെ തനിമ സംരക്ഷിക്കാമെന്ന് ചിലർ പറയുന്നു. അത് നടക്കില്ല. നദീതീരത്തുള്ള കാടുകൾ അവിടത്തെ പരിസ്ഥിതി സന്തുലനത്തിന്റെ മർമ്മം ആണ്. അവ വെള്ളത്തിനടിയിൽ ആയാൽ നിലവിലുള്ള പരസ്പര ബന്ധങ്ങൾ തകരും, പഴയ പരണാമ ചരിത്രവും നശിക്കും. പുതിയ പരിതഃസ്ഥിതിയിലുള്ള പരിണാമ പ്രക്രിയക്കു വിധേയമാകും.

കാടിനെപ്പറ്റിയും അതിലെ സസ്യജന്തുജാലങ്ങളെപ്പറ്റിയും ആധികാരികമായി പറയുവാൻ കഴിവുള്ളവരെല്ലാം സൈലന്റ്‌വാലി കാടുകളുടെ തനിമയെക്കുറിച്ചും അവ സംരക്ഷിക്കേണ്ട ആവശ്യത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഡോ. സാലിം അലി, മാധവ്ഗാഡ്ഗിൽ, ഡോ. എൻ.സി. നായർ.... തുടങ്ങിയ ശാസ്ത്രജ്ഞരും സുവോളജിക്കൽ സർവെ, ബൊട്ടാണിക്കൽ സർവെ, ജിയോളജിക്കൽ സർവെ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങളിലെ പഠന സംഘങ്ങളും സൈലന്റ് വാലിയുടെ തനിമയെക്കുറിച്ചും അതു സംരക്ഷിക്കേണ്ട ആവശ്യത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്.

"ഇവരാരാണ് ? പക്ഷിശാസ്ത്രക്കാരോ, ഗൗളി ശാസ്ത്രക്കാരോ" എന്ന് അത്യന്തം പുച്ഛത്തോടെ കോഴിക്കോട് സർവ്വകലാശാല പ്രൊഫസർ ഡോ. ബി.കെ. നായർ ചോദിക്കുന്നു. താനവിടെ ഏഴെട്ടുവട്ടം സ്പെസിമനുകൾ ശേഖരിക്കാനായി പോയിട്ടുണ്ടെന്നും ഒരൊറ്റ പുതിയ സസ്യസ്പീഷിസിനെയും തനിക്ക് കാണാൻ സാധിച്ചിട്ടില്ല എന്നും അദ്ദേഹം ഉദ്ഘോഷിക്കുന്നു. അദ്ദേഹം കണ്ടില്ലെന്ന് പറഞ്ഞാൽ 'അദ്ദേഹം' കണ്ടില്ലെന്ന് മാത്രമാണതിനർത്ഥം. കണ്ട മറ്റുള്ളവരുടെ കഴിവിനെയോ സത്യസന്ധതയെയോ ചോദ്യം ചെയ്യാൻ അദ്ദേഹം മുതിരുമെന്നു തോന്നുന്നില്ല.

സൈലന്റ് വാലിക്ക് തനിമയൊന്നുമില്ലെന്നും, ഓരോ കാടും മറ്റേതു കാട്ടിൽ നിന്നും വ്യത്യസ്തമായിരിക്കുമെന്നും അത്രമാത്രമെ ഉള്ളൂ എന്നും ഈ കാടുകൾ മുഴുവൻ നശിച്ചാലും ഇവിടത്തെ മഴയ്ക്കും കാലാവസ്ഥക്കും ഒരു മാറ്റവും വരാൻ പോകുന്നില്ലെന്നും, അണക്കെട്ടുകൊണ്ട് 800 ഹെക്ടർ സ്ഥലം വെള്ളത്തിനടിയിൽ ആയാലും അത് ബാക്കിയുള്ള കാടുകളെ തീർത്തും സ്വാധീനിക്കില്ലെന്നും മറ്റും അവകാശപ്പെടുന്നു. ഡോ. കെ.എം. രാഘവൻനമ്പ്യാരെയും ശ്രീമാൻ കൊച്ചുകോശിയെയും മറ്റും ശാസ്ത്രീയമായ സംവാദ - വിവാദങ്ങളിൽ കണക്കിലെടുക്കേണ്ടതില്ല. കേരള ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും ഒക്കെ ഈ തനിമകൾ അംഗീകരിക്കുകയും അവ സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുകയും അതിനുതകുമെന്ന പ്രതീക്ഷയോടെ "സൈലന്റ് വാലി പരിസ്ഥിതി സന്തുലന സംരക്ഷണ നിയമം പാസ്സാക്കുകയും ചെയ്തു. എന്നാൽ നിയമസഭകൾ ഉണ്ടാക്കുന്ന നിയമങ്ങളല്ല, പ്രകൃതി നിയമങ്ങളാണ് പരിസ്ഥിതിയെ നിയന്ത്രിക്കുന്നതെന്ന മൗലിക സത്യം മറക്കപ്പെട്ടു. പല ശാസ്ത്രജ്ഞരും അത് ചൂണ്ടിക്കാട്ടുകയുണ്ടായി.

അതുപോലെ സൈലന്റ് വാലി സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നവരെപ്പറ്റി അടുത്ത കാലത്തായി വികസിപ്പിച്ചെടുത്തിട്ടുള്ള മറ്റൊരു വാദവ്യവസ്ഥയുണ്ട്. അവ ഇങ്ങനെ ക്രോഡീകരിക്കാം.

എ) ഈ പ്രദേശത്തെ സംരക്ഷിത ജൈവമണ്ഡലമായി പ്രഖ്യാപിക്കണമെന്നു ശുപാർശ ചെയ്ത സഫർഫത്തേഹല്ലിയുടെ നേതൃത്വത്തിലുള്ള ടാസ്ക് ഫോഴ്സ്, കർണാടകത്തിലെ കുതിരമുഖ് പദ്ധതിയോടും ഈ പദ്ധതിയോടും സ്വീകരിച്ച നയങ്ങൾ വ്യത്യസ്തമാണ്. ന്യായീകരിക്കാനാകാത്തതാണ്. അതിനാൽ അവരുടെ റിപ്പോർട്ടിനെ പാടെ നിരാകരിക്കണം. സൈലന്റ് വാലിക്ക് തനിമയൊന്നുമില്ലെന്ന് ഇതിൽ നിന്ന് സിദ്ധിക്കുന്നു.

ബി) ഇന്ത്യയെപ്പോലുള്ള വികസ്വരരാജ്യങ്ങൾ കുറഞ്ഞ ചെലവിൽ മർമ പ്രധാനമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്, അമേരിക്കയെപ്പോലുള്ള വികസിത രാജ്യങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. അതിനാൽ വികസ്വര രാജ്യങ്ങളിൽ ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നത് നിരുത്സാഹപ്പെടുത്താനായി ജലവൈദ്യുത പദ്ധതികൾക്കെതിരായ ആഗോള ദുഷ്പ്രചരണം അവർ അഴിച്ചുവിട്ടിരിക്കുകയാണ്. അതിന്റെ ഭാഗമാണ് സൈലന്റ്‌വാലി പദ്ധതിയോടുള്ള എതിർപ്പ്.

സി) ജലവൈദ്യുത പദ്ധതികൾ മുടക്കിയാൽ ആദ്യം കൽക്കരി നിലയങ്ങളെ ആശ്രയിക്കുമെങ്കിലും അതിവേഗത്തിൽ അവ അപ്രായോഗികമാണെന്നുകണ്ട് അണുശക്തിയിലേക്ക് കടക്കുമെന്നും അങ്ങനെ അമേരിക്കയുടെ വരുതിക്ക് കീഴിൽ വരുമെന്നും അതിനുള്ള സിഐഎ എയുടെ പ്രവർത്തനമാണ് ഇതെന്നും മറ്റൊരുവാദം.

ഡി) പദ്ധതി വന്നാൽ അട്ടപ്പാടിയിലെ എസ്റ്റേറ്റുടമകൾക്ക് തങ്ങളുടെ പണിക്കാർക്ക് കൂടുതൽ കൂലി കൊടുക്കേണ്ടിവരുമെന്നും അതൊഴിവാക്കാനായി അവർ എത്ര പണം വേണമെങ്കിലും മുടക്കാൻ തയ്യാറാണെന്നുമാണ് മറ്റൊരുവാദം.

ഇ) പദ്ധതി പ്രവർത്തനം ആരംഭിച്ചാൽ തടി മോഷണം സാധ്യമല്ലാതെ വരുമെന്നതിനാൽ അവരും പദ്ധതിയെ എതിർക്കുമത്രെ (വനം വകുപ്പേ വേണ്ട, ഇനിമേലിൽ ഇലക്ട്രിസിറ്റി ബോർഡ് മതി എന്നു പറഞ്ഞിട്ടില്ല).



ഫോട്ടോ : അജിലാൽ

കേരളശാസ്ത്രസാഹിത്യ പരിഷത്ത് ഈ നിക്ഷിപ്ത താൽപര്യക്കാരുടെ ചട്ടുകമായി പ്രവർത്തിക്കുകയല്ലേ എന്നും അപ്പത്തിൽ അവർക്കും പങ്കുണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ അതിൽ തെറ്റുണ്ടോ എന്നും ചോദിക്കുന്നു. ജനങ്ങളുടെ ഇടയിൽ അതിവേഗത്തിൽ ഇറങ്ങിച്ചെല്ലുന്നതാണ് അമേരിക്കൻ കുത്തക സാമ്രാജ്യത്വ ശക്തികളുടെ ഏജന്റ് എന്ന ആക്ഷേപം.

ഈ (അപ)വാദങ്ങൾക്ക് അവ അർഹിക്കാത്ത ഗൗരവം നല്കേണ്ടതില്ല. നമുക്ക് ശാസ്ത്രീയ പരിഗണനകളിലേക്കുതന്നെ മടങ്ങാം. പദ്ധതിയുടെ ആവശ്യകതയെ പറ്റിയും അതുകൊണ്ടുണ്ടാകുമെന്നു പറയുന്ന നേട്ടങ്ങളെപ്പറ്റിയും ഉള്ള അവകാശവാദങ്ങൾ പരിശോധിക്കാം.

## വൈദ്യുതി

പണിതീർന്നാൽ കേരള ഗ്രിഡിലേക്ക് പ്രതിവർഷം 52 കോടി യൂണിറ്റ് വൈദ്യുതി നല്കുന്നു. 120 (പിന്നീട് 240) മെഗാവാട്ട് ശക്തിയും നല്കുന്നു. മലബാറിന്റെ ചോദന പ്രദാന സന്തുലനത്തിനും വോൾട്ടത മെച്ചപ്പെടുത്തുന്നതിനും ഇതാവശ്യമാണ്. ഇതാണ് വാദം.

മലബാറിനാവശ്യം വാദമോ വാഗ്ദാനങ്ങളോ അല്ല, വൈദ്യുതിയാണ്. എന്തുകൊണ്ട് ഇതേവരെ വൈദ്യുതി നല്കിയില്ല അവർക്ക് ആവശ്യമില്ലാത്തതുകൊണ്ടാണോ ? അതെയെന്നുപറയാൻ ആർക്കുണ്ട് ധൈര്യം ? ഇവിടെ വൈദ്യുതി വേണ്ടത്ര ഇല്ലാഞ്ഞിട്ടാണോ ? അല്ലെന്നത് തീർച്ച. ഉണ്ടാക്കുന്നതിന്റെ 40 ശതമാനം നാം കയറ്റി അയക്കുകയാണ്. ഇടുക്കിയിൽനിന്ന് മലബാറിലേക്കുള്ള ദൂരംകൊണ്ട് അവിടെ വൈദ്യുതി എത്തിക്കാൻ പറ്റാഞ്ഞിട്ടാണോ ? അതുമല്ല മലബാറിന്റെയും അപ്പുറത്തുകിടക്കുന്ന മൈസൂരിൽ എത്തിക്കുന്നുണ്ടല്ലോ. അപ്പോൾ സൈലന്റ് വാലിയില്ലെങ്കിൽ ഇന്ന് മലബാറിനാവശ്യമായ വൈദ്യുതി നൽകാൻ പറ്റില്ലെന്ന് ആർക്കും പറയാനാവില്ല. വയറിങ്ങും കഴിച്ച് അപേക്ഷയും കൊടുത്ത് കൊല്ലങ്ങളോളം കാത്തിരിക്കേണ്ട ഗതികേടാണ് ഇന്നും ഉള്ളത്. സൈലന്റ് വാലി പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി കാണിക്കുന്ന വീറിന്റെയും സംഘടനാശേഷിയുടേയും പത്തിലൊന്നുകൊണ്ട് കഴിഞ്ഞ രണ്ടു കൊല്ലത്തിനുള്ളിൽ ഇടുക്കിയിലെ വൈദ്യുതി മലബാറിലെ ജനങ്ങൾക്ക് ലഭ്യമാക്കാമായിരുന്നു. ഇനിയും രണ്ടുകൊല്ലത്തിനുള്ളിൽ സാധിക്കാവുന്നതേയുള്ളൂ. എന്നാൽ 100 ശതമാനം ഗ്രാമങ്ങളും വൈദ്യുതീകരിച്ചുകഴിഞ്ഞ ബോർഡിനെ ഇതിനു പ്രേരിപ്പിക്കണമെങ്കിൽ സംഘടിതമായ ബഹുജനപ്രക്ഷോഭണം ഉണ്ടാക്കേണ്ടി വരും. അല്ലാതെ ബോർഡ് അവിടെ വൈദ്യുതി വിതരണം ചെയ്യുന്നതല്ല. എന്തുകൊണ്ടെന്ന് വഴിയെ വ്യക്തമാക്കാം.

വൈദ്യുതിയുടെ പ്രേഷണത്തിനും വിതരണത്തിനുമായി മലബാർ പ്രദേശത്തു 10 കൊല്ലം മുമ്പെ ചെലവാക്കേണ്ടിയിരുന്നതും ഇനിയും അഞ്ചോ പത്തോ കൊല്ലത്തിനുള്ളിൽ ബഹുജന സമർദമില്ലെങ്കിൽ ചെലവാക്കാനിടയില്ലാത്തതുമായ തുക, വരുന്ന രണ്ട് കൊല്ലത്തിനുള്ളിൽ, ഒരു 'യുദ്ധകാല' അടിസ്ഥാനത്തിൽ പണിനടത്തുന്നതിനായി ചെലവാക്കുകയാണെങ്കിൽ സൈലന്റ് വാലിയിൽനിന്ന് ലഭിക്കാവുന്നതിന്റെ അത്ര വൈദ്യുതി മലബാർ പ്രദേശത്തിന് ലഭിക്കുമാറാക്കാം. വോൾട്ടേജ് നിലനിർത്തണമെന്നും സപ്ലൈ വിശ്വസനീയമാക്കണമെന്നും പോരായ്മകൾക്ക് ഉത്തരം പറയേണ്ടിവരുമെന്നും ഉള്ള ബോധം ബോർഡധികൃതർക്കുണ്ടായാൽ, അതുണ്ടാക്കിയാൽ, കാര്യങ്ങൾ കുറെയൊക്കെ മെച്ചപ്പെടും. സാമ്പത്തിക - സാങ്കേതിക പ്രശ്നങ്ങളേക്കാൾ സമീപന നീതിയാണ് ഇന്നത്തെ പോരായ്മകൾക്ക് കാരണം.

കേരളത്തിന്റെ മൊത്തം ഊർജ്ജ ആവശ്യത്തിന്റെയും ദീർഘകാല അടിസ്ഥാനത്തിലുള്ള ആസൂത്രണത്തിന്റെയും പശ്ചാത്തലത്തിൽ സൈലന്റ് വാലി പദ്ധതി വേണമെന്ന വാദവും ഉണ്ട്. ദീർഘകാല അടിസ്ഥാനത്തിലുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ കാഴ്ചപ്പാട് അശാസ്ത്രീയവും അപര്യാപ്തവും കേരളത്തിന്റെ താല്പര്യങ്ങൾക്ക് നിരക്കാത്തതും ആകുന്നു. ഇതേപ്പറ്റിയുള്ള വാദം ഇങ്ങനെ ക്രോഡീകരിക്കാം.

കേരളത്തിൽ ഇപ്പോൾ കാണുന്ന വൈദ്യുതി മിച്ചം മിഥ്യയാണ്. തെറ്റിയ ആസൂത്രണത്തിന്റെ ഫലമാണത്. കേരളത്തിലെ ആളോഹരി വൈദ്യുതി ഉപഭോഗം 90-95 യൂണിറ്റാണ്. തമിഴ്നാട്ടിലേത് 160-170 യൂണിറ്റും. ഇവിടെ വൈദ്യുതിക്ക് ആവശ്യക്കാരില്ലാഞ്ഞിട്ടല്ല കൊടുക്കാത്തതുകൊണ്ടാണ്. എന്തുകൊണ്ട് കൊടുക്കുന്നില്ല ? എന്ന ചോദ്യം ഉന്നയിക്കാം. അതിനുള്ള ഉത്തരം ബോർഡ് അധികൃതരുടെ വാക്കുകളിൽത്തന്നെ പറയുകയായിരിക്കും ഭംഗി.

"കേരളത്തിൽ ഉൽപ്പാദിപ്പിച്ച് വെളിയിൽ വിൽക്കുന്ന ഏതൊരു ചരക്കുൽപ്പാദന വ്യവസായവും പോലെയുള്ള ഒരു വ്യവസായമാണ് വൈദ്യുതിയുടെ ഉൽപ്പാദനവും കയറ്റി അയക്കലും" (ഇലക്ട്രിസിറ്റി

ടാസ്ക്ഫോഴ്സ് കരടുരേഖ).

"സംസ്ഥാനത്തിനകത്ത് വിൽക്കപ്പെടുന്ന വൈദ്യുതിയുടെ താരിഫിൽ പൊതുവായ മാറ്റം വരുത്തുന്നതിനുള്ള അനുകൂല സാഹചര്യമില്ലാത്ത പരിതഃസ്ഥിതിയിൽ, വ്യാപാരത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഗണ്യമായ ഒരു അളവ് വൈദ്യുതി കയറ്റി അയക്കേണ്ടിയിരിക്കുന്നു" (ടി.കെ. ചാണ്ടി കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ സിൽവർ ജൂബിലി സോവനീർ 1979 പേജ് 53)

"ബോർഡിന്റെ ലാഭവും റവന്യു മിച്ചവും ആയിരിക്കണം മാനേജർമാരുടെ പ്രധാന താൽപര്യങ്ങളിൽ ഒന്ന് ........ കേരളത്തിലെ വീടുകളിൽ വൈദ്യുതി എത്തിക്കാൻ യൂണിറ്റൊന്നിന് ഒരു രൂപ ചെലവാകുമ്പോൾ മൊത്തം വരുമാനം യൂണിറ്റൊന്നിന് ഏതാണ്ട് 40 പൈസ മാത്രമാണ് ..... വീട്ടാവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കും തെരുവുവിളക്കുകൾക്കും വൈദ്യുതി നല്കുമ്പോൾ ബോർഡിന് കനത്ത നഷ്ടമാണുണ്ടാകുന്നത്. മറ്റുള്ള വിൽപ്പനകളിലും പലപ്പോഴും നഷ്ടം സംഭവിക്കുന്നു..... നിലവിലുള്ള നിരക്കനുസരിച്ചു അന്യസംസ്ഥാനങ്ങൾക്ക് വൈദ്യുതി കൊടുക്കുന്നതിൽ ബോർഡിനു ലാഭമുണ്ട്. അതിനാൽ ഈ വ്യാപാരം നിലനിർത്തുകയും മെച്ചപ്പെടുകയും വേണം. എങ്കിൽ മാത്രമേ ബോർഡിന് നേരിയതോതിലെങ്കിലും ലാഭം ഉണ്ടാക്കാൻ പറ്റൂ.... ഇതിനായി സംസ്ഥാനത്തെ വൈദ്യുത ഉൽപ്പാദനശേഷി വർധിപ്പിക്കുന്നതിനു പരമാവധി ശ്രമിക്കണം". (1 ഇട്ടി ഡാർവിൻ, കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ. സിൽവർ ജൂബിലി സോവനീർ 1979 പേജുകൾ - 63-68).

1. ഉൽപ്പാദനം വർധിപ്പിക്കുന്നതിൽ ബോർഡിന്റെ നയമെന്താണെന്ന് മുകളിൽ കൊടുത്തതിൽനിന്ന് വ്യക്തമാണ്. ഇവിടത്തെ വൈദ്യുതി തമിഴ്നാട്ടിലും കർണാടകത്തിലും ലഭിക്കുന്നതിനുതാല്പര്യമുള്ള മറ്റുചിലർ കൂടി ഉണ്ട്. ഇവിടത്തെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തെ തോൽപ്പിക്കുന്നതിനുവേണ്ടി അങ്ങോട്ടു വ്യവസായങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനു ശ്രമിക്കുന്നവർക്കും ഈ വൈദ്യുതിയിൽ താല്പര്യമുണ്ട്.

2. വൈദ്യുതി ഒരു വെറും സാധാരണ ചരക്കല്ല. ഉൽപ്പാദന പ്രവർത്തനത്തിൽ നിർണായക പ്രാധാന്യമുള്ള ഒന്നാണത്. ഒരു രാജ്യത്തിനകത്തെ ആളോഹരി വൈദ്യുതി ഉപഭോഗവും ആളോഹരി വരുമാനവും തമ്മിൽ ഗാഢമായ ബന്ധമുള്ളതായി പറയാറുണ്ട്. ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദനപരമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചാൽ ശരാശരി 1.5 രൂപയുടെ അസ്സൽ ദേശീയ ഉൽപ്പന്നം ഉണ്ടാകുന്നു. കേരളത്തിനു വെളിയിൽ കൊടുക്കുന്ന 200 കോടി യൂണിറ്റ് വൈദ്യുതിയുടെ 80 ശതമാനമെങ്കിലും കേരളത്തിനകത്തുതന്നെ കൃഷി, വ്യവസായം എന്നിവയ്ക്കായി ഉപയോഗിക്കുകയായിരുന്നെങ്കിൽ ഇവിടെ 250 കോടി രൂപയുടെ അധികം ദേശീയോൽപ്പന്നം ഉണ്ടാകുമായിരുന്നു. ഏതാണ്ട് 4 ലക്ഷം പേർക്ക് വിവിധ മേഖലകളിലായി തൊഴിൽ ലഭിക്കുമായിരുന്നു. ഈ സാധ്യത നഷ്ടപ്പെടുത്തുന്ന ബോർഡിന്റെ നയം ശരിയാണെന്നു പറയുക വയ്യ. സൈലന്റ് വാലി പദ്ധതിയെയും മറ്റുപദ്ധതികളെയും യഥാർത്ഥത്തിൽ ഈ കയറ്റുമതിക്കണ്ണോടെയാണ് അവർ കാണുന്നത്.

3. കേരളത്തിന്റെ ജലവൈദ്യുതി സമ്പത്തിന്റെ വൈപുല്യത്തെപ്പറ്റി അതിശയോ



ക്തിപരമായ ധാരണകളാണ് ഉള്ളത്. സാധ്യമായ എല്ലാ പദ്ധതികളും നടപ്പിലാക്കാൻ പരമാവധി കിട്ടാൻ പോകുന്നത് പ്രതിവർഷം 1300-1400 കോടി യൂണിറ്റാണ്., പ്രായോഗികമായി ഈ നൂറ്റാണ്ട് അവസാനത്തിൽ 1000-1100 കോടി യൂണിറ്റിലധികം ലഭിക്കുന്നതല്ല. ഇപ്പോഴത്തേത് ഏതാണ്ട് 500 കോടി യൂണിറ്റാണ്. ഈ നൂറ്റാണ്ട് അവസാനമാകുമ്പോഴേക്കും വരും. പ്രതിവർഷം 1500-1600 കോടി യൂണിറ്റ് ആവശ്യമായി വരും. ഏതാണ്ട് 500 കോടി യൂണിറ്റ് വൈദ്യുതി മറ്റു മാർഗ്ഗങ്ങളിലൂടെ ഉണ്ടാക്കേണ്ടിവരും. 1990-92 ആകുമ്പോഴേക്കും തന്നെ ഈ ആവശ്യം അനുഭവപ്പെടുന്നതാണ്. വിലകൊണ്ട് എണ്ണയും, സാങ്കേതിക പ്രശ്നങ്ങൾകൊണ്ടും വിലകൊണ്ടും മറ്റും അണുശക്തിയും ഈ നൂറ്റാണ്ടിൽ പരിഗണിക്കാവതല്ല. വടക്കെ ഇന്ത്യയിൽ നിന്ന് കെട്ടിവലിച്ചുകൊണ്ടുവരണം, പരിസര മലിനീകരണം ഉണ്ടാക്കും, തുടർച്ചയായി ക്ഷയിച്ചുവരുന്ന വിഭവമാണ് തുടങ്ങിയ ദൂഷ്യങ്ങളെല്ലാമുണ്ടെങ്കിലും കൽക്കരിയെ ആശ്രയിക്കാതെ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ല.

4. കേരളത്തിൽ നമുക്ക് താപവൈദ്യുത നിലയങ്ങൾ നടത്തിയിട്ടുള്ള പരിചയം ഇല്ല. അവയ്ക്ക് നടത്തിപ്പുപ്രശ്നങ്ങൾ കൂടുതലാണ്. ഒഴിച്ചുകൂടാനാകാതെ വരുന്ന സന്ദർഭത്തിൽ മാത്രമാണ് കേരളത്തിലെ ആദ്യത്തെ കൽക്കരി നിലയം പ്രവർത്തനം ആരംഭിക്കുന്നതെങ്കിൽ, ബ്രേക്ഡൗൺ ആയാൽ പഠിക്കാനോ, മറ്റുവിധത്തിൽ വൈദ്യുതി നൽകാനോ സാധിക്കാതെ വരും. ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യമായിത്തീരുന്നതിന് 5 കൊല്ലം മുമ്പെയെങ്കിലും ഇവിടെ ഒരു കൽക്കരിനിലയം പ്രവർത്തിച്ചുതുടങ്ങണം. അതായത് 1985-86 ആകുമ്പോഴേക്കു തന്നെ. ഇതോടൊപ്പം ഉണ്ടാകുന്ന കൽക്കരി ലഭ്യത മറ്റുപല പുതിയ വ്യവസായങ്ങൾക്കും വീട്ടാവശ്യത്തിനുപോലും ഉപകരിക്കുന്നതായിരിക്കും.

കേരളത്തിന്റെ വൈദ്യുതി വ്യവസായത്തിന്റെ മുഴുവൻ പ്രശ്നത്തെ സൈലന്റ് വാലിയിൽ തളച്ചിടാനാണ് ബോർഡ് ശ്രമിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം ഇത് ഒരു സൈലന്റ് വാലി പദ്ധതിയുടെ പ്രശ്നമല്ല, ഒരു നയത്തിന്റെ പ്രശ്നമാണ്. അന്യസംസ്ഥാനങ്ങളിലെ വിൽപ്പന വഴി ആദ്യത്തെ നഷ്ടം നികത്തുക എന്ന നയത്തിന്റെ പ്രശ്നം. ആദ്യത്തെ നഷ്ടം കുറക്കാൻ ശ്രമമൊന്നും നടക്കുന്നുമില്ല. അശാസ്ത്രീയമായ പ്രേഷണ വിതരണവ്യൂഹവും പക്ഷപാതപരമായ താരീഫുകളും ഈ നഷ്ടത്തിൽ എന്തുപങ്കാണ് വഹിക്കുന്നതെന്ന് അന്വേഷിക്കാൻ അവർ തയ്യാറല്ല.

ഇന്നുപണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ വേഗം ഒന്നുകൂട്ടുകയാണെങ്കിൽ, പാണ്ടിയാർ, പെരിങ്ങൽക്കുത്ത്, പെരിഞ്ചാൻകുട്ടി എന്നിവ ഓരോന്നും ഒരുകൊല്ലം വീതം നേരത്തെ പണി തീർക്കുകയാണെങ്കിൽ സൈലന്റ് വാലിയുടെ അഭാവം അറിയുകതന്നെ ഇല്ല. മലബാർ പ്രദേശത്ത്-മാത്തിൽ, പയ്യന്നൂർ, കോഴിക്കോട്, നിലമ്പൂർ, മണ്ണാർക്കാട് തുടങ്ങിയ പണിതുകൊണ്ടിരിക്കുന്ന സബ്സ്റ്റേഷനുകളുടെ പണി തീർക്കുകയും വേണ്ട ലൈനുകൾ വലിക്കുകയും ചെയ്താൽ രണ്ടുമൂന്നുകൊല്ലം കൊണ്ട് മലബാറുകൾക്ക് സൈലന്റ് വാലി പണി തീർന്നാൽ കിട്ടുമായിരുന്ന വൈദ്യുതി ലഭ്യമാക്കാം.

### ജലസേചനം

അടുത്തതായി ജലസേചനത്തിന്റെ പ്രശ്നമാണ്. സൈലന്റ് വാലി പദ്ധതി 10000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തും എന്ന് പ്രോജക്ട് റിപ്പോർട്ടിൽ പറയുന്നു. വിശദമായ ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിലുള്ള പ്രസ്താവനയല്ലിത്. അതിനായി ഒരു സർവ്വേയും നടത്തിയിട്ടില്ല. കാഞ്ഞിരപ്പുഴ പദ്ധതിയും കല്ലട പദ്ധതിയും ഒക്കെ നാട്ടുകാർക്ക് പരിചയമുള്ളതാണ്. തോടുവെട്ടുന്നതനുസരിച്ചാണ് സർവെ നടത്തുക.

അപ്പോൾ മാത്രമാണ് വഴിയിൽ കുന്നുണ്ടോ, തോടുണ്ടോ, പാടമുണ്ടോ എന്നൊക്കെ കാണുക. പദ്ധതിക്ക് അനുവാദം മേടിക്കാനുള്ള പ്രോജക്ട് റിപ്പോർട്ടിനുവേണ്ടി വളരെ ലളിതമായാണ് കീഴ്നദി പ്രദേശത്തുള്ള മൊത്തം ഭൂമിയെടുക്കുക. അതിലെ വയലുകളിൽ 100 ശതമാനത്തിനും പറമ്പുകളിൽ 50 ശതമാനത്തിനും ജല ലഭിക്കും എന്നുകണക്കാക്കുന്നു. അത്രതന്നെ. ഇങ്ങനെ തീരുമാനിക്കപ്പെട്ട എല്ലായിടത്തും വെള്ളം എത്തിക്കൊള്ളണമെന്നില്ല. എത്തിയിട്ടുമില്ല. അതിനാൽ സൈലന്റ് വാലി പദ്ധതി റിപ്പോർട്ടിലെ ഈ അവകാശവാദം ചോദ്യം ചെയ്യേണ്ടതായുണ്ട്.

സാമ്പത്തിക പരിഗണനകളും സാങ്കേതിക പരിഗണനകളും രണ്ടും വൻകിട ജലസേചന പദ്ധതികൾക്ക് എതിരാണ്. പ്രത്യേകിച്ചും സൈലന്റ് വാലിക്ക് ഒരു ഹെക്ടാർ സ്ഥലത്തേക്ക് ജലസേചന സൗകര്യം ലഭ്യമാക്കാൻ വേണ്ട മുടക്കുമുതൽ 15000 രൂപ മുതൽ 20000 രൂപ വരെ വരും. ഇതു മുഴുവൻ സർക്കാർ ചെലവാക്കുകയാണ്. ഈ തുകകൊണ്ട് 3 ഹെക്ടാർ സ്ഥലത്തേക്ക് ലിഫ്ട് ഇറിഗേഷൻ നടത്താൻ സാധിക്കും. ആവശ്യത്തിനുള്ള അടിവെള്ളം ഉണ്ടുതാനും.

സൈലന്റ് വാലി പദ്ധതിയുടെ ഉപഭോക്തൃ പ്രദേശങ്ങളായ പെരിന്തൽമണ്ണ, മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകൾ ഏറ്റയിറക്കങ്ങളോടു കൂടിയതം കനാൽ ജലസേചനത്തിനു ഭൂമിശാസ്ത്രപരമായി ഒട്ടും അനുയോജ്യല്ലാത്തതും ആയ പ്രദേശമാണ്. ഇവിടത്തെ ഇടുങ്ങിയ താഴ്വരകളുടെ പ്രശ്നം വരൾച്ചയല്ല, നീർവാർച്ചയില്ലായ്മയാണ്. ഉയരത്തിലുള്ള പറമ്പുകളിലേക്ക് കനാൽ ജലം എത്തിക്കുക സാധ്യവുമല്ല. ഈ പ്രദേശത്ത് 10000 പമ്പുസെറ്റുകൾ സ്ഥാപിക്കുകയും അവയ്ക്കു വേണ്ടത്ര വൈദ്യുതി നല്കുകയും ചെയ്താൽ കുറഞ്ഞ ചെലവിലും കുറഞ്ഞ കാലയളവിനുള്ളിലും ഈ ലക്ഷ്യം യാഥാർഥ്യമായിത്തീരുന്നതാണ്. പതിനായിരം ചെറുകിട ഇടത്തരം കർഷകർക്ക് സ്വന്തം വരുതിയിലുള്ള ജലസേചന സൗകര്യം ലഭിക്കുകയെന്നതു ചില്ലറ കാര്യമല്ല.

## തൊഴിൽ ലഭ്യതയും വികസനവും

മണ്ണാർക്കാട്, പെരിന്തൽമണ്ണ താലൂക്കുകൾ അത്യന്തം പിന്നോക്കാവസ്ഥയിലുള്ളവയാണ്. ഈ പദ്ധതി അവയെ ഉദ്ധരിക്കാൻ സഹായിക്കും; ആ പ്രദേശത്തുകാർക്ക് 6-7 കൊല്ലത്തേക്ക് പണിയും കിട്ടും. ചെറുക്കാൻ വിഷമമായ ഒരു വാദഗതിയാണിത്. പക്ഷേ, ഒരു പ്രദേശത്തിന്റെ വികസനത്തിന് ജലവൈദ്യുത പദ്ധതിയെക്കാൾ പറ്റിയ എത്രയോ പദ്ധതികളുണ്ട്. ജലവൈദ്യുത പദ്ധതികളുടെ പണിതീർന്നാൽ സാധാരണ അവിടം ആളൊഴിഞ്ഞ കല്യാണവീടുപോലെയിരിക്കും. പവർഹൗസിൽ നൂറിൽതാഴെ ആളുകളെ ജോലിക്കുണ്ടായിരിക്കൂ. പദ്ധതി നിർമാണസമയത്ത് 3000-4000 പേർക്ക് 5-6 കൊല്ലത്തെ കൂലിപ്പണി കിട്ടും. അത്രമാത്രം. ഇതിനേക്കാൾ മെച്ചമുളള ബദൽ പരിപാടികൾ ആസൂത്രണം ചെയ്യാം. ശരിയാണ്, അവ നടപ്പാക്കുക കൂടിവേണം.

## ബദൽ പരിപാടികൾ

1. ഇടുക്കിയിൽ നിന്ന് മലബാർ പ്രദേശത്തേക്ക് വേണ്ടത്ര ഊർജ്ജം എത്തിക്കാൻ ഉളള പദ്ധതി ആവിഷ്കരിക്കുക. ഇതിനായി പാലക്കാടു മുതൽ കാസർകോടുവരെ ആസൂത്രണം ചെയ്തിട്ടുള്ള സബ്സ്റ്റേഷനുകളുടെ പണി മുൻഗണനയോടെ എടുത്ത് മുഴുമിപ്പിക്കുക, ചുരുങ്ങിയത് 50 കോടി യൂണിറ്റ് വൈദ്യുതിയെങ്കിലും അവിടെ എത്തിക്കാൻ വേണ്ട ഏർപ്പാട് ഉടൻ ഉണ്ടാക്കുക.

2. ഇടമലയാർ, ശബരിഗിരി, ഇടുക്കി 111, ലോവർപെരിയാർ, പാണ്ടിയാർ, പുന്നപ്പുഴ, പെരിങ്ങൽക്കുത്ത്, വലതുകര പെരിഞ്ചാൻകുട്ടി എന്നീ പദ്ധതികൾ വേഗത്തിൽ പണിതീർത്ത് 1987-88 വരെക്കെങ്കിലും നമുക്കാവശ്യമായ ഊർജ്ജം ഇവയിൽനിന്ന് ഉണ്ടാകുമെന്ന് ഉറപ്പുവരുത്തുക.

3. സൈലന്റ് വാലി പദ്ധതി ഉപേക്ഷിക്കുന്നതിനു പകരമായി കേന്ദ്രത്തിന്റെ ചെലവിൽ മലബാർ പ്രദേശത്ത് ഒരു തെർമൽ സ്റ്റേഷൻ പണിയിപ്പിക്കുക. തുടക്കത്തിൽ ഇതിൽ 200 മെഗാവാട്ടു വീതമുള്ള ഒന്നോ രണ്ടോ യൂണിറ്റാക്കാം. 1992-93 ആകുമ്പോഴേക്കും 5 യൂണിറ്റാകണം. ഇതിനുവേണ്ടിയുള്ള പ്രചാരണവും പ്രക്ഷോഭണവും തുടങ്ങണം. ഇലക്ട്രിസിറ്റി ബോർഡ് തെർമൽ സ്റ്റേഷനുകളോടുള്ള എതിർപ്പ് മാറ്റിയെടുക്കേണ്ടതുണ്ട്.

4. മലബാർ പ്രദേശത്ത് കണക്ഷൻ കിട്ടാനുള്ള അപേക്ഷകൾ ഒന്നും ബാക്കിയില്ലെന്ന് ഒരു വർഷത്തിനുള്ളിലെങ്കിലും ഉറപ്പുവരുത്തുക. പുതിയ അപേക്ഷകർക്ക് ഒരു മാസത്തിനുള്ളിൽ കണക്ഷൻ കൊടുക്കണം. അതിന് അനുയോജ്യമായ 'മെറ്റീരിയൻസ് ഡിപ്ലോയ്മെന്റ്' നടത്തണം, വേണ്ടത്ര ട്രാൻസ് ഫോർമറുകൾ, കമ്പി, കാലുകൾ മറ്റു സാധനങ്ങൾ, മീറ്ററുകൾ മുതലായവ സ്റ്റോക്ക് ചെയ്യണം. 'എല്ലാ ഗ്രാമത്തിലും വൈദ്യുതി എത്തിയിരിക്കെ' ഇതിൽ സാങ്കേതികമായി അസാധ്യമായൊന്നുമില്ല.

5. മണ്ണാർക്കാട്, ഒറ്റപ്പാലം, പെരിന്തൽമണ്ണ താലൂക്കുകളിലായി 10000 പമ്പുസെറ്റുകൾ സ്ഥാപിച്ച് അവയ്ക്കു കറന്റു കൊടുക്കുക. ഇതിനുവേണ്ട പണവും പദ്ധതിക്കുനീക്കിവച്ചിരിക്കുന്നതിൽ നിന്നെടുക്കാം. പഴയ കുളങ്ങളും കിണറുകളും നന്നാക്കിയും പുതിയവ കുഴിച്ചും ഇതിനു വേണ്ട വെള്ളം കണ്ടെത്താം. ഇതുകൊണ്ടു തന്നെ അണക്കെട്ടു നിർമ്മാണത്തിൽ ലഭ്യമാകുമായിരുന്ന കൂലിപ്പണി അന്നാട്ടുകാർക്ക് കിട്ടും. തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും മറ്റും കൂലിപ്പണിക്കാരെ ആട്ടിത്തെളിച്ചുകൊണ്ടുവരുമെന്ന ഭീഷണിയും വേണ്ട. ഓരോ പമ്പു സെറ്റ് സ്ഥാപിക്കാനും അഗ്രിക്കൾച്ചറൽ റിഫൈനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ 6000 രൂപ അങ്ങനെ ലഭിക്കും. അതു കൂടാതെ 4-5 കോടി രൂപ കൂടി ഉണ്ടായാൽ ഇത് നടക്കും. വികേന്ദ്രീകൃത സംഘാടനവും പ്രവർത്തനവും താല്പര്യത്തിനുള്ളിൽ ഈ പദ്ധതി നടപ്പാക്കാൻ പറ്റുന്നതിന് സഹായിക്കും. ഇതുകൊണ്ട് 10000 ഹെക്ടർ സ്ഥലത്ത് ഒരു വിള കൂടുതൽ എടുക്കാൻ സാധിച്ചാൽ 2000 പേർക്കെങ്കിലും സ്ഥിരമായി (കൂടുതൽ പേർക്ക് താൽക്കാലികമായി) തൊഴിൽ കിട്ടും. അണക്കെട്ടു നിർമാണത്തിൽ എത്ര തൊഴിൽ കിട്ടുമോ അതിൽ കൂടുതലായിരിക്കും ഇത് രണ്ടും കൂട്ടിയാൽ.

6. കനാൽ വരമ്പുകൾ റോഡുകൾ കൂടിയാണ്. അവയുടെ അഭാവത്തിന് പകരമായി ചുരുങ്ങിയത് 5 കോടി രൂപയെങ്കിലും ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി നീക്കിവെയ്ക്കുക. ഇത് ചുരുങ്ങിയത് 10 ലക്ഷം തൊഴിൽ ദിനത്തിന് സമാനമായി തൊഴിലവസരം സൃഷ്ടിക്കുന്നതാണ്.

7. പദ്ധതിക്കാകെ മതിച്ചിരിക്കുന്ന 58 കോടി രൂപയിൽ (അവസാനം അതിനേക്കാൾ എത്രയോ കൂടുതലാകും) മുകളിൽ കൊടുത്തതെല്ലാം കഴിഞ്ഞാൽ പിന്നെയും 40 കോടി രൂപ ബാക്കി കാണും. ആ തുക മുഴുവൻ പാലക്കാട്, മലപ്പുറം ജില്ലകളിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനായി നീക്കി വയ്ക്കുക. ഇതിൽ പകുതി വാളയാർ സിമന്റ് ഫാക്ടറി പണി ഉടൻ തുടങ്ങുന്നതിനും പകുതി മണ്ണാർക്കാട് ശ്രീകൃഷ്ണപുരം ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ പ്രദേശളിൽ പുതിയ വ്യവസായങ്ങൾ തുടങ്ങാനും നീക്കിവയ്ക്കുക. ഇത് ചുരുങ്ങിയത് 4000-5000 പേർക്കെങ്കിലും സ്ഥിരമായ തൊഴിൽ നൽകുന്നതായിരിക്കും. പവർഹൗസാണെങ്കിൽ വെറും 100 പേർക്കാണ് ഈ സ്ഥാനത്തു തൊഴിൽ ലഭിക്കുക.

വരുന്ന 10 കൊല്ലത്തെ കാലയളവ് എടുത്താൽ സൈലന്റ് വാലി പദ്ധതി നടപ്പാക്കുകയാണെങ്കിൽ അണക്കെട്ടിന്റെ പണി, തോടുകുഴിക്കൽ, മറ്റുപ്രവർത്തനങ്ങൾ

(ശേഷം 48-ാം പേജിൽ)